**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2787** **14-09-2023 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്ന വിപണന കമ്പനി രൂപീകരിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികോല്പന്ന വിപണന കമ്പനി രൂപവൽക്കരിക്കുന്നത് സംബന്ധിച്ച് കൃഷി-വ്യവസായ വകുപ്പുകൾക്കിടയിലെ തർക്കം പരിഹരിക്കുന്നതിനായി നിയോഗിച്ച സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്നും എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത സമിതി പരിശോധിച്ചതെന്നും വ്യക്തമാക്കാമോ; പ്രസ്തുത സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | **കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിക്കുന്നത് സംബന്ധിച്ച് കൃഷി, വ്യവസായ വകുപ്പുകൾ തമ്മിൽ തർക്കം ഉണ്ടായിട്ടില്ല. 12-07-2023 ലെ മന്ത്രിസഭായോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി കമ്പനി രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുവാനായി കൃഷി, വ്യവസായ, റവന്യൂ വകുപ്പ് സെക്രട്ടറിമാരുമായി ചർച്ച് ചെയ്ത് വിശദാംശങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും, തുടർന്ന് ഈ വിഷയം കൃഷി, വ്യവസായ, റവന്യൂ വകുപ്പ് മന്ത്രിമാർ കൂടിയാലോചിച്ച ശേഷം പുതുക്കിയ നിർദ്ദേശങ്ങൾ മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കുകയുണ്ടായി.** |
| (ബി) | പ്രസ്തുത കമ്പനി രൂപീകരിക്കുന്നത് സംബന്ധിച്ച അജണ്ട മന്ത്രിസഭയുടെ പരിഗണനയ്ക്ക് വരുന്നതിനു മുൻപായി ഈ കാര്യത്തിൽ വ്യവസായ വകുപ്പുമായി കൃഷിവകുപ്പ് എന്തെങ്കിലും കൂടിയാലോചന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | **കമ്പനി രൂപീകരിക്കുന്നത് സംബന്ധിച്ച അജണ്ട മന്ത്രിസഭയുടെ പരിഗണനയ്ക്കായി വരുന്നതിന് മുമ്പ് റവന്യൂ, നിയമ, വ്യവസായ, ധനകാര്യ വകുപ്പുകളുടെ അഭിപ്രായം സ്വരൂപിച്ചിരുന്നു.** |
| (സി) | പ്രസ്തുത കമ്പനി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | **കേരള അഗ്രോ ബിസിനസ്സ് കമ്പനിയുടെ (KABCO) കരട് മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ ക്ലോസ് 3(b)(4) ൽ "To promote the development of Food Processing” എന്നത് വ്യവസായ വകുപ്പിന്റെ അഭിപ്രായ പ്രകാരം "To promote the development of Agro Processing” എന്ന ഭേദഗതി വരുത്തി.** |
| (ഡി) | വ്യവസായ വകുപ്പിന്റെ നിലപാട് മറികടന്നുകൊണ്ട് പ്രസ്തുത കമ്പനി രൂപീകരിക്കാൻ ഇടയായ സാഹചര്യം വ്യക്ത മാക്കുമോ? | (ഡി) | **വ്യവസായ വകുപ്പിന്റെ അഭിപ്രായം കൂടി പരിഗണിച്ചാണ് കമ്പനി രൂപീകരിച്ചിട്ടുള്ളത്.** |

സെക്ഷൻ ഓഫീസർ